Marthoma Residential School, Tiruvalla.

Annual Examination, 2020

Malayalam.

Class: VII
Mark: 8
Time: 3 h

## Section: A (40 mark).

I താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്ന് തെരഞ്ഞെടുത്ത് ഉപന്യാസം തയ്യാറാക്കുക:- (15)

a) 'വിദ്യാധനം സർവ്വധനാൽ പ്രധാനം' - വിദ്യാഭ്യാസത്തിന്റെ മഹത്വത്തെക്കുറിച്ച് എഴുതുക.

b) കായിക വിദ്യാഭ്യാസം (Physical Education) ത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എഴുതുക.

c) നിങ്ങളുടെ അയൽക്കാരും നിങ്ങളും

d) നിങ്ങൾ സന്ദർശിച്ച ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലത്തെക്കുറിച്ച് വിവരിക്കുക.

e) 'ചൊട്ടയിലെ ശീലം ചുടലവരെ' - ഈ പഴഞ്ചൊല്ലിനെ അടിസ്ഥാനമാക്കി ഒരു ചെറുകഥ.

II ഒരു കത്ത് തയ്യാറാക്കുക. (7)

a) നിങ്ങളുടെ നാട്ടിലെ ഒരു സർക്കാർ ആശുപത്രിയുടെ അവസ്ഥ വിവരിച്ചുകൊണ്ടും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ഒരു കത്തെഴുതുക.

b). ഒരു തൊഴിലില്ലാതെ ബുദ്ധിമുട്ടുന്ന നിങ്ങളുടെ

സുഹൃത്തിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് വിദേശത്തുള്ള സുഹൃത്തിന് ഒരു കത്തെഴുതുക.

III താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

നമ്മുടെ ജനസംഖ്യയിൽ ഭൂരിപക്ഷവും താമസിക്കുന്നത് ഗ്രാമങ്ങളിലാണ്. ധാന്യങ്ങളും പച്ചക്കറികളും പഴവർഗങ്ങളും ഉത്പാദിപ്പിക്കുന്നതിലൂടെ നമ്മെയെല്ലാം ഊട്ടുന്നതു ഗ്രാമീണ വെവലയിലെ കർഷകരാണ്. മാത്രമല്ല ഭാരതീയ സംസ്കാരത്തിന്റെ ഈറ്റില്ലങ്ങളാണ് ഗ്രാമങ്ങൾ. എന്നാൽ ഇന്ന് നമ്മുടെ ഗ്രാമങ്ങൾ ഒരു ആപത്ഘട്ടത്തിലാണ്. കൃഷി പൊതുവെ ആദായകരമല്ലാതായതോടെ ഗ്രാമീണർ ദാരിദ്ര്യത്തിലായിരിക്കുന്നു. കർഷകരുടെ ആത്മഹത്യകൾ വർദ്ധിക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. യുവാക്കളിൽ പലരും നഗരങ്ങളിലേക്കു കുടിയേറുന്നു.

മിക്കവാറും ഗ്രാമങ്ങളിൽ ഇനിയും വികസനം എത്തിനോക്കിയിട്ടു പോലുമില്ല. സഞ്ചാരയോഗ്യമായ നിരത്തുകൾ തീരെ കുറവ്. ആശുപത്രികളും വിദ്യാലയങ്ങളും വേണ്ടത്ര ഇല്ല. കുടിവെള്ളം പോലും കിട്ടാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നു. ഇതിനെക്കാളൊക്കെ പ്രധാനമാണ് ജനങ്ങളുടെയിടയിൽ വർദ്ധിച്ചുവരുന്ന മൂല്യച്യുതി. പണ്ട് ഗ്രാമീണരുടെയിടയിൽ പരസ്പരസ്നേഹവും ഐക്യവും സഹകരണമനോഭാവവും ഉണ്ടായിരുന്നു. അയൽവീടുകൾ തമ്മിൽ ഉറ്റബന്ധം പുലർത്തിയിരുന്നു.

ഇന്നും നമ്മുടെ സംസ്കാരവും മൂല്യങ്ങളും

സുരക്ഷിതമായി നിലനിന്നിരുന്നതു ഗ്രാമങ്ങളിലാണ്. മണ്ണിനോടും പ്രകൃതിയോടുമുള്ള ഹൃദയബന്ധം കാരണം സംസ്കാരം കൈവിട്ടുപോകാതെ സൂക്ഷിക്കാൻ അവർക്കു കഴിഞ്ഞു. എന്നാൽ ഇപ്പോൾ ഗ്രാമങ്ങളിലും മൂല്യങ്ങൾ ക്ഷയിച്ചു തുടങ്ങിയിരിക്കുകയാണ്.

ഗ്രാമങ്ങളുടെ ഇന്നത്തെ സ്ഥിതി മെച്ചപ്പെടുത്തുവാൻ നമുക്കു പലതും ചെയ്യാൻ കഴിയും. തൊഴിലില്ലാത്ത യുവാക്കൾക്കും സ്ത്രീകൾക്കും തൊഴിൽ പരിശീലനം നൽകാം. എഴുത്തും വായനയും അറിയാത്തവർക്ക് അക്ഷരാഭ്യാസം നൽകാം. മദ്യപാനത്തിനും മറ്റു ലഹരി വസ്തുക്കൾക്കും അടിമപ്പെട്ടവരെ അതിൽ നിന്നു മോചിപ്പിക്കാൻ ശാസ്ത്രീയമായ രീതികൾ അവലംബിക്കാം. അങ്ങനെ പലതും നമുക്കു ചെയ്യാൻ സാധിക്കും. അതിലൂടെ ഐശ്വര്യവും നന്മയും നിറഞ്ഞ ഗ്രാമങ്ങളെ നമുക്കു പുനഃനിർമ്മിക്കാം.

ചോദ്യങ്ങൾ:- (8)

a) ഗ്രാമത്തിലെ യുവാക്കൾ നഗരത്തിലേക്കു കുടിയേറാൻ കാരണം എന്ത്?

b) ഗ്രാമങ്ങളുടെ ശോചനീയാവസ്ഥ വ്യക്തമാക്കു:

c) ഗ്രാമങ്ങളുടെ വികസനം മെച്ചപ്പെടുത്താൻ ചെയ്യേണ്ടതെന്തെല്ലാം?

d) സംസ്കാരവും ഗ്രാമവും തമ്മിലുള്ള ബന്ധം എന്ത്?

IV A. വാക്യത്തിൽ പ്രയോഗിക്കുക. (3)

a) നവശിവാനന്ദം (b) രാജയോഗം.

(c) തീക്കൊള്ളി കൊണ്ടു ചൊറിയുക.

B. പര്യായപദം. (3)

a). രാത്രി. (b) ജല (c) കുഞ്ഞ്

c) ഒറ്റപ്പദം എഴുതുക. (3)

a) ഗ്രഹിക്കാൻ പ്രയാസമുള്ളത്.

b) ബ്രഹ്മം അറിയുന്നവൻ.

c) ആയുധം ധരിച്ചവൻ

d) തെറ്റു തിരുത്തുക. (1)

(a) താപസ്വി. (b) അമരത്ത്വം.

## Section B (40 mark)

ആകെ നാലു ചോദ്യങ്ങൾക്ക് ഉത്തരം എഴുതു

V ചോദ്യം: 1

അയാളുടെ ശബ്ദം മുറിഞ്ഞു മുറിഞ്ഞു പോയി. അയാൾ ആപാദചൂഡം ഭയന്നു വിറച്ചു.

a) അയാൾ ആപാദചൂഡം വിറച്ചതെപ്പോൾ? (1)

b) അക്സിയാനോവിനെ കുറിച്ച് എഴുതുക (3)

c) വ്യാപാരമേളയ്ക്കു പോകുന്നതിൽ നിന്ന് ഭാര്യ അയാളെ തടഞ്ഞതെന്തിന്? (3)

ചോദ്യം 2.

ദൈവമേ, ഓരോ ഹമ്പും ഇങ്ങനെ എന്റെ അഭിമാനത്തിന്റെ നെഞ്ചിലാണല്ലോ വന്നിടിക്കുന്ന

a) ഇങ്ങനെ ചിന്തിക്കാനിടയായ സന്ദർഭം എന്ത് (3)

b) ചങ്ങരംകുളത്തു നിന്നു കയറിയ ചങ്ങാതിയെ കുറിച്ച് വിവരിക്കുക? (3)

c) അദ്ദേഹത്തിന്റെ സാഹിത്യ പ്രവർത്തനത്തി സംഭവിച്ച തടസ്സം എന്ത്? (2)

d) ഉമ്മയുടെ കൈയിലെ കാർഡ്ബോർഡിൽ എന്താണ് ഉള്ളത്? (2

ചോദ്യം: 3.

സ്വതന്ത്ര ഭാരതത്തിനു എഴുപതു വയസ്സായെങ്കിലു അവളിന്നും പിച്ചച്ചട്ടിയുമായി വിദേശങ്ങൾ തോ ഇരന്നു നടക്കുകയാണ്

a) ഗാന്ധിജിയുടെ യന്ത്രവിരോധത്തിനു കാരണ എന്ത്? (3)

b) സ്വാതന്ത്ര്യത്തിനുള്ള പ്രഥമോപാധിയായി ഗാന്ധിജി കണ്ടതെന്ത്? (4)

c) പൗരധർമ്മ പരിപാലനത്തിൽ പാകപ്പിഴകൾ സംഭവിച്ചതെവിടെ?

(2

ചോദ്യം. 4.

"പുണ്യശാലിനി, നീ പകർന്നിടുമീ
തണ്ണീർ തന്നുടെ യോരോരോ തുള്ളിയും"

a) ആ മനോഹരി അമ്പരന്നത് എപ്പോൾ? (3)

(b) ഈ കവിതയുടെ പശ്ചാത്തലം വിവരിക്കുക (3)

c) ഭിക്ഷുവിന്റെ അർത്ഥന കേട്ടപ്പോൾ പെൺകുട്ടി അമ്പരക്കാൻ കാരണം എന്ത്? (3)

d) ചണ്ഡാലയുവതിയെ വിശേഷിപ്പിക്കാൻ പാഠഭാഗത്തുപയോഗിക്കുന്ന പദങ്ങളെന്തെല്ലാം? (

ചോദ്യം 5.

"ആ മനുഷ്യൻ ഈ ജന്മത്തിൽ വല്ലതുമൊന്നു പ്രേമിച്ചിട്ടുണ്ടെങ്കിൽ അതു വാക്ക് ആണ്"

a) ആധുനിക കാലത്തെ കവികൾക്കിടയിൽ കുഞ്ഞുണ്ണി വെട്ടിത്തിരിഞ്ഞു നിൽക്കുന്നത് എങ്ങനെ? (3)

b) കുഞ്ഞുണ്ണിയുടെ ലോകം എങ്ങനെയുള്ളതാണ് (3)

c) ഈശ്വരനെ കുറിച്ച് കുഞ്ഞുണ്ണി എഴുതിയ വരികൾ എഴുതുക. (2

(d) കുഞ്ഞുണ്ണി മാഷിനെ 'നരി' എന്നു വിളിച്ചതാര് എന്തുകൊണ്ട്? (2)